(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള വിദ്യാഭ്യാസ നിയമപരിഷ്ക്കരണ സമിതി

5 (*395) ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളവിദ്യാഭ്യാസ നിയമം പരിഷ്ക്കരിക്കുന്നതിനുവേണ്ടി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സമിതിക്ക് നൽകിയിരിക്കുന്ന ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്നും സമിതിയുടെ പ്രവർത്തന പുരോഗതി എന്താണെന്നും അറിയിക്കാമോ ;

(സി) സംസ്ഥാനത്ത് ഒരു വിദ്യാഭ്യാസനയത്തിന് രൂപം നൽകാൻ പരിപാടി ഉണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഡോ. കെ. ഗോപാലൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(ബി) ടേംസ് ഓഫ് റഫറൻസ് അനുബന്ധമായി വച്ചിരിക്കുന്നു†. പ്രസ്തുത സമിതിയുടെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. റിപ്പോർട്ട് മാർച്ച് 31-ന് മുമ്പ് സർക്കാരിന് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കുവാൻ പരിപാടിയില്ല. എങ്കിലും പ്രീപ്രൈമറി മുതൽ പ്ലസ് ടൂ വരെയുള്ള സമഗ്രമായ ഒരു കരിക്കുലം സമീപനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇത് വിശദമായ ചർച്ചകൾക്ക് വിധേയമാക്കി സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിച്ചു കഴിഞ്ഞു.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളോട് വിവേചനം കാണിക്കുന്നു എന്ന പരാതി

6 (*396) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[9-3-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5 (*395)-ന്റെ 'ബി' ഉത്തരം ദയവായി കാണുക]

കെ. ഇ. ആർ. റിവ്യൂ കമ്മിറ്റിയുടെ പരിശോധന വിഷയങ്ങൾ

1. വ്യവഹാര ബാഹുല്യത്തിനിടയാക്കുന്ന വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾ ക്രിയാത്മകമായി പരിശോധിക്കുക.

2. വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഔദ്യോഗിക തലങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അപ്പീലിനും റിവിഷനും ഉള്ള അധികാരങ്ങൾ അവലോകനം നടത്തി അധികാരപരിധികൾ യഥോചിതം പുനർനിർണ്ണയിക്കുക.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ പ്രവർത്തനങ്ങളിലുള്ള പങ്ക് വ്യവസ്ഥാപിതമാക്കുന്നതിനും ഫലപ്രദമാക്കുന്നതിനും അനുഗുണമായ രീതിയിൽ വിദ്യാഭ്യാസ ചട്ടങ്ങളിൽ സമുചിതമായ ഭേദഗതികൾ നിർദ്ദേശിക്കുക.

4. വിദ്യാഭ്യാസ ചട്ടങ്ങളിലെ കാലഹരണപ്പെട്ടതും വൈരുദ്ധ്യാത്മകവും അപ്രസക്തവുമായ ചട്ടങ്ങൾ കണ്ടെത്തി മാറ്റങ്ങൾ നിർദ്ദേശിക്കുക.

5. നീതിനിർവ്വഹണത്തിന് കാലവിളംബമുണ്ടാക്കാൻ കാരണമാകുന്ന വിദ്യാഭ്യാസ ചട്ടങ്ങൾ കണ്ടെത്തി പ്രതിവിധികൾ നിർദ്ദേശിക്കുക.

6. കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും ഉത്തരവുകളും സമുചിതമായി സംയോജിപ്പിക്കുകയും വിദ്യാഭ്യാസ ചട്ടങ്ങളുടെ വ്യാഖ്യാനത്തിലെ ആശയക്കുഴപ്പങ്ങൾക്ക് അറുതി വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

7. മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന സാമൂഹിക സാമ്പത്തിക പശ്ചാത്തലത്തിൽ, അനുയോജ്യമായ പരിഷ്കാരങ്ങൾ വിദ്യാഭ്യാസ ചട്ടങ്ങളിൽ ഉൾക്കൊള്ളിക്കുക.

8. വിദ്യാഭ്യാസ മേഖലയിലെ നിലവാരം ഉയർത്തുവാനും ഉത്കൃഷ്ടത ആർജ്ജിക്കുവാനും നിലനിറുത്തുവാനും ഉതകുന്ന ഫലപ്രദമായ ഒരു ഉപകരണമാക്കി വിദ്യാഭ്യാസ ചട്ടങ്ങളെ മാറ്റുന്നതിനുള്ള സാദ്ധ്യതകൾ ആരായുക.

9. സംഗീതകലാകായിക രംഗങ്ങളിൽ ബോധനം നല്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് ആ മേഖലയിൽ അദ്ധ്യാപകരെ ലഭ്യമാക്കുന്നതിൽ നിലവിലുള്ള വൈഷമ്യങ്ങൾ പഠിച്ച് വ്യക്തമായ രൂപരേഖ തയ്യാറാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

10. സ്കൂളുകളിൽ വർഷംതോറും നടത്തിവരുന്ന അദ്ധ്യാപക-അദ്ധ്യാപകേതര തസ്തിക നിർണ്ണയത്തിൽ നിലവിലുള്ള പ്രക്രിയകളും പ്രശ്നങ്ങളും വിലയിരുത്തി, ജീവനക്കാർക്ക് സുരക്ഷിതത്വവും ഉത്തരവാദിത്വവും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനുതകുമാറ്, ലളിതമായ നടപടി ക്രമങ്ങൾ നിർദ്ദേശിക്കുക.

11. തസ്തികകൾ കുറയുന്നതുമൂലം ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകർക്ക് ജോലി സംരക്ഷണം നൽകേണ്ടിവരുന്ന സാഹചര്യം വിലയിരുത്തി നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്തുന്നത് ഉൾപ്പെടെയുള്ള പരിഹാരമാർഗ്ഗങ്ങൾ ആരായുക.

12. നിലവിലുള്ള വിദ്യാഭ്യാസ ചട്ടങ്ങൾ, പത്താം സ്റ്റാൻഡേർഡിനു മുകളിലുള്ള വിദ്യാഭ്യാസത്തിന് ബാധകമല്ലാത്ത വസ്തുതയും പ്രീ-ഡിഗ്രി വിദ്യാഭ്യാസം സ്കൂൾ തലത്തിലേക്ക് മാറ്റപ്പെടേണ്ട സാഹചര്യവും കണക്കിലെടുത്ത്, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവയ്ക്കുകൂടി ബാധകമായ നിലയിൽ ചട്ടങ്ങളിൽ മാറ്റങ്ങൾ ഉൾക്കൊള്ളിക്കേണ്ടതുണ്ടോ എന്നത് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക.

13. അൺ എക്കണോമിക് സ്കൂളുകളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ വശങ്ങളെപ്പറ്റി പഠിച്ച് അവ തുടരാൻ അനുവദിക്കേണ്ടതുണ്ടെങ്കിൽ അതിനുള്ള നിബന്ധനകളും ന്യായീകരണങ്ങളും എന്തായിരിക്കണമെന്ന് ശുപാർശകൾ സമർപ്പിക്കുക.

14. വിദ്യാഭ്യാസ മേഖലയിൽ താല്പര്യമുള്ള എല്ലാ വിഭാഗങ്ങളുടേയും ആശയാഭിലാഷങ്ങൾ പ്രകടമാക്കുവാൻ കമ്മിറ്റി അവസരം നൽകേണ്ടതാണ്.

15. കേരളാ വിദ്യാഭ്യാസ ചട്ടങ്ങൾ, ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുവാൻ നിയോഗിക്കപ്പെട്ട ഈ കമ്മിറ്റിക്ക് മേൽപ്പറഞ്ഞ വിഷയങ്ങൾക്ക് പുറമേ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങൾ നേടുന്നതിനനുഗുണമായ ഏതുകാര്യത്തെ സംബന്ധിച്ചതും പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly